**"ഭരണഭാഷ-മാതൃഭാഷ"**
**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

തൈക്കാട്, തിരുവനന്തപുരം-14.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(ഹാജർ: എസ്.വാഹിദ്)**

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം -ഉത്തരവ്- പുറപ്പെടുവിയ്ക്കുന്നത്- സംബന്ധിച്ച്.

**പരാമർശം:-** 1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 7-5-11 ലെ എ3/33558/10-ാം നമ്പർ ഉത്തരവ്.
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 25-11-11 ലെ എ3/25138/11 -ാം നമ്പർ ഉത്തരവ്.
3. എ3/20572/12-ാം നമ്പർ 16-10-12 ലെ എൽ.ഡി. ക്ലാർക്കുമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ്.

**ഉത്തരവ് നമ്പർ A3/18323/12 തീയതി: 30-11-12**

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയ അവസരത്തിൽ വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ യു.ഡി.ക്ലാർക്കിന്റെ 9 തസ്തികകൾ നികത്തിയിരുന്നില്ല. ഈ ഒഴിവുകൾ കൂടാതെ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം വഴി 7 ഒഴിവുകളും ശ്രീ ജോബായി, ശ്രീ ടി.വി.നാരായണൻ എന്നീ യു.ഡി.ക്ലാർക്കുമാർ സേവനത്തിൽ നിന്നും വിരമിച്ചതുവഴി 2 ഒഴിവുകളും, ശ്രീമതി ഷോമ യു.ഡി.സി ശൂന്യവേതനാവധിയിൽ പ്രവേശിച്ചതു വഴി ഒരൊഴിവും ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളും കൂടി കണക്കിലെടുക്കുമ്പോൾ വകുപ്പിൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ 19 ഒഴിവുകളാണ് ഉള്ളത്.

ഈ സാഹചര്യത്തിൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എൽ.ഡി ക്ലാർക്കുമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിലെ 18 ഉദ്യോഗസ്ഥർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സായതിന്റേയും, പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന്റേയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 8130/ഉ.പ.സി3/2010/ഉ.ഭ.പ.വ, തീയതി 24-2-12 ലെ സർക്കുലറിന്റേയും അടിസ്ഥാനത്തിലും ഒരു ഉദ്യോഗസ്ഥയ്ക്ക് 50 വയസ്സ് പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിലും എൽ.ഡി/യു.ഡി തസ്തകകളുടെ റേഷ്യോ 1:1 എന്ന അനുപാതം നിലനിറുത്തിന്നതിനായി എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് KS&SSR റൂൾ 28(ബി) 2 പ്രകാരം 13210-22360 രൂപ ശമ്പള നിരക്കിൽ ഉദ്യോഗക്കയറ്റം നൽകി ക്രമനമ്പർ 18 ലെ ശ്രീ അമൽ.സി യെ ചെന്നീർക്കര ഐ.ടി.ഐയിലേക്ക് സ്ഥലംമാറ്റിയും ബാക്കിയുള്ളവരെ അതാത് സ്ഥാപനങ്ങളിൽ നിയമിച്ചും താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | പേരും സ്ഥാപനവും | സീനിയോരിറ്റി നമ്പർ | ഒഴിവുണ്ടായ തീയതി | പ്രോബേഷൻ പൂർത്തിയായ തീയതി | ടെസ്റ്റ് പാസായ തീയതി | ഉദ്യോഗക്കയറ്റ തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | ബൈജു.ജി, ഐ.ടി.ഐ കൽപ്പറ്റ | 621 | 12-5-10 | 14-7-10 | | 14-7-10 | 8130/ഉ.പ. സി3/2010/ഉഭപവ തീയതി 24-2-12 |
| 2 | അജികുമാർ.കെ. ഐ.ടി.ഐ രാജക്കാട് | 633 | 6-8-10 | 12-11-10 | | 12-11-10 | 8130/ഉ.പ. സി3/2010/ഉഭപവ തീയതി 24-2-12 |
| 3 | ഗോപിനാഥ്.ടി, ഐ.ടി.ഐ, നെന്മേനി | 654 | 12-11-10 | 27-2-11 | 17-1-12 | 27-2-11 | 8130/ഉ.പ. സി3/2010/ഉഭപവ തീയതി 24-2-12 |
| 4 | രസീന പി.ടി, ഐ.ടി.ഐ, പള്ളിക്കത്തോട് | 671 | 28-2-11 | 29-6-11 | 6-7-11 | 7-7-11 | ശ്രീ തേജ്കുമാറിന്റെ സ്ഥാനകയറ്റം |
| 5 | മുഹമ്മദലി ഷിഹാബ് കോയ, ഐ.ടി.ഐ, മാടായി | 586 | 28-2-11 | 01-12-08 | 13-7-11 | 14-7-11 | ശ്രീ.ഇ.കെ ഹാഷിമിന്റെ സ്ഥാനകയറ്റം |
| 6 | അനിൽ.പി.ജെ, ഐ.ടി.ഐ ചേർപ്പ് | 675 | 15-3-11 | 18-7-11 | 6-7-11 | 18-7-11 | ശ്രീ സി.എസ് സുനിൽകുമാറിന്റെ സ്ഥാനകയറ്റം |
| 7 | വത്സലൻ.ടി, ഐ.ടി.ഐ (വ), കണ്ണൂർ | 693 | 23-11-11 | 24-10-11 | 10-1-12 | 23-11-11 | ശ്രീ പീതാംബരന്റെ സ്ഥാനകയറ്റം |
| 8 | സുനിതാമോൾ.പി.വി, ഐ.ടി.ഐ പള്ളിക്കത്തോട് | 699 | 9-12-11 | 21-10-11 | 6-7-11 | 9-12-11 | ശ്രീ ശ്രീകുമാറിന്റെ സ്ഥാനകയറ്റം |
| 9 | ജഗദീഷ്.എം, ആർ.ഐ.സി. പാലക്കാട് | 701 | 13-12-11 | 09-12-11 | | 13-12-11 | 8130/ഉ.പ. സി3/2010/ഉഭപവ തീയതി 24-2-12 |
| 10 | പ്രകീഷ്.വി.പി, ഐ.ടി.ഐ, കൊല്ലംകോട് | 702 | 2-1-12 | 1-12-11 | 5-1-11 | 2-1-12 | ശ്രീമതി സുനിതപോളിന്റെ സ്ഥാനകയറ്റം |
| 11 | നൗഷാദ്.എം.എം ഐ.ടി.ഐ, കട്ടപ്പന | 250 | 15-5-12 | 16-8-01 | Dec.2000 | 15 -5-12 | ശ്രീമതി ഷോമ. പി.കെ യുടെ ശൂന്യവേതനാവധി |
| 12 | ജയകുമാരി.എസ്, ഐ.ടി.ഐ, ധനുവച്ചപുരം | 460 | 29-5-12 | 29-6-02 | | 29-5-12 | 50 വയസ്സ് 18-4-12 ൽ പൂർത്തിയാക്കി |
| 13 | ചിത്രാഗോപാൽ.സി.ആർ, ഡയറക്ടറേറ്റ് | 503 | 30-5-12 | 4-6-06 | 10-1-12 | 30-5-12 | കെ.കെ. പ്രഭാവതിയുടെ ഉദ്യോഗക്കയറ്റം |
| 14 | വിജയ്.എ, ഐ.ടി.ഐ, മലമ്പുഴ | 606 | 31-5-12 | 27-7-09 | 13-1-12 | 31-5-12 | ജെ.ബി.അജിത് കുമാറിന്റെ സ്ഥാനകയറ്റം |
| 15 | ജ്യോതി .ബി, ഐ.ടി.ഐ, തേവലക്കര | 628 | 31-5-12 | 9-4-10 | 10-1-12 | 31-5-12 | പി.വി.നിസാറിന്റെ സ്ഥാനകയറ്റം |
| 16 | എം.പവിത്രൻ, ഐ.ടി.ഐ, വള്ളം | 645 | 1-6-12 | 28-1-11 | 10-1-12 | 1-6-12 | ഫ്രാൻസിസ് ഡിക്രൂസിന്റെ സ്ഥാനകയറ്റം |
| 17 | അഭിലാഷ് എം. ഐ.ടി.ഐ (വ), കൊല്ലം | 670 | 1-6-12 | 20-7-11 | 10-1-12 | 1-6-12 | ശ്രീ ജോബായിയുടെ വിരമിക്കൽ |
| 18 | അമൽ.സി , ഐ.ടി.ഐ (വ), കോഴിക്കോട് | 689 | 4-6-12 | 6-5-12 | 6-7-11 | 4-6-12 | ഗോപികാകുമാരിയുടെ സ്ഥാനകയറ്റം |
| 19 | ചിത്ര.എസ്.നായർ, ഡയറക്ടറേറ്റ് | 700 | 1-8-12 | 23-1-12 | 5-7-10 | 1-8-12 | ടി.വി.നാരായണന്റെ വിരമിക്കൽ |

കൽപ്പറ്റ, രാജക്കാട്, നെൻമേനി, മാടായി, ചേർപ്പ്, (വനിത) കണ്ണൂർ, ആർ. ഐ.സി പാലക്കാട്, കൊല്ലങ്കോട്, കട്ടപ്പന, ധനുവച്ചപുരം, മലമ്പുഴ, തേവലക്കര, കോഴിക്കോട്, (വനിത)കൊല്ലം, ചെന്നീർക്കര എന്നീ സ്ഥാപനങ്ങളിലെ 1 വീതവും ട്രെയിനിംഗ് ഡയറക്ടേറേറ്റ്, പള്ളിക്കത്തോട് എന്നിവിടങ്ങളിലെ 2 തസ്തികകളും യു.ഡി.ക്ലാർക്ക് തസ്തികയായി ഇതോടൊപ്പം ഉയർത്തുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ 26-2-11 ലെ ജി.ഒ.(പി) നം.85/2011/ഫിൻ. പ്രകാരമുള്ള ഓപ്ഷൻ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

പരാമർശം (1)(2) ഉത്തരവുകൾ വഴി യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ ഉദ്യോഗക്കയറ്റ തീയതി പുന.ക്രമീകരിച്ചുകൊണ്ട് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 8130/ ഉപസി3/2010/ഉഭപവ തീയതി 24-2-12 ലെ സർക്കുലറിന്റെ ആനുകൂല്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ പ്രൊബേഷൻ പൂർത്തിയാക്കി 3 വർഷത്തിനകം അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സാകാത്തപക്ഷം എൽ.ഡി.ക്ലാർക്കായി തസ്തികയിലേയ്ക്ക് തരംതാഴ്ത്തുന്നതായിരിക്കും.

**ഒപ്പ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(മേലധികാരികൾ മുഖേന)

പകർപ്പ്:-
1. ബന്ധപ്പെട്ട എല്ലാ ഓഫീസുകൾക്കും.
2. CA to DT, ADT
3. ADO
4. SS(A)
5. SF(A3)

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**

A-01-12-12